Draft #2 of File 65936/AC A7-3/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 23-Nov-2020 12:58 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകൾ- 2020 നവംബർ 10 തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് വൈസ് -ചാൻസിലറുടെ ചേംബറിൽ വച്ച് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പുകൾ സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 7 സെക്ഷൻ**

നമ്പർ. 5574/AC A 7/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 23.11.2020

---

*പരാമർശം:*-10.11.2020 തീയതി ഉച്ച കഴിഞ്ഞ് 3 മണിക്ക് വൈസ് -ചാൻസിലറുടെ ചേംബറിൽ വച്ച് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ നടപടിക്കുറിപ്പുകൾ

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അൺ എയ്ഡഡ് സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി മേൽ പരാമർശ പ്രകാരം നടത്തിയ ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളും മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവന്ന്, നാക് പോലെയുള്ള അക്രഡിറ്റേഷൻ ഏജൻസികളുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

സ്വാശ്രയ കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ വൈസ് -ചാൻസിലർക്ക് നൽകിയ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള വിഷയങ്ങൾ സിൻഡിക്കേറ്റ് അംഗങ്ങളുമായി ചർച്ച ചെയ്യേണ്ടതാണ്.

ബിരുദ പ്രോഗ്രാമുകളുടെ കേന്ദ്രീകൃത പ്രവേശന പ്രക്രിയയുടെ സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷം കോളേജുകളിൽ അവശേഷിക്കുന്ന സീറ്റുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിന് കോളേജുകളെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ളതാണ്. നിലവിലെ സാഹചര്യത്തിൽ സപ്ലിമെന്ററി അലോട്ട്മെന്റിന് ശേഷം അവശേഷിക്കുന്ന സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സാവകാശം ബഹു. ഹൈക്കോടതിയിൽനിന്നും തേടേണ്ടതുണ്ട്. ആയതിനാൽ ബഹു.

ഹൈക്കോടതിയിൽ സർവ്വകലാശാല സ്റ്റാൻഡിംഗ് കോൺസലും, മാനേജ്മെന്റിന്റെ കോൺസലും ചേർന്ന് ഒരു ജോയിന്റ് പെറ്റീഷൻ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത പെറ്റീഷനിൽ ബഹു.ഹൈക്കോടതിയുടെ തീർപ്പ് ഉണ്ടാകുന്നത് വരെ നിലവിൽ നിശ്ചയിച്ചിരിക്കുന്ന ഷെഡ്യൂൾ പ്രകാരം പ്രവേശന നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള രജിസ്ട്രേഷൻ തീയതി നീട്ടുന്നതിനും, മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ചിട്ടുള്ള നിവേദനം സംബന്ധിച്ചുള്ള കൂടുതൽ വിശദമായ ചർച്ചകൾ 2021 ജനുവരി മാസത്തിൽ നടത്തുന്നതിനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) വി.സി / പി.വി.സി എന്നിവരുടെ പി.എസ് മാർ,
2) രജിസ്ട്രാർ/ എഫ്.ഓ/ സി.ഇ എന്നിവരുടെ പി.എ മാർ
3) പ്രിൻസിപ്പൽ/ മാനേജർ, സെൽഫ് ഫിനാൻസിംഗ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ,
4) ജെ.ആർ 2 (അഡ്മിൻ), ജെ.ആർ 1 (പരീക്ഷ) / ഡി.ആർ 1 , എ .ആർ 1 (അക്കാദമിക്)
5) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / എ.സി.ബി. 6
6) ലീഗൽ സെക്ഷൻ
7) പി.ആർ.ഓ/ എൻക്വയറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 65936/AC A7-3/2020/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 23-Nov-2020 12:58 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം